(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ആകെ തുകയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഈ കണക്ക് വസ്തുതാപരമല്ല. ലഭ്യമായ തുക പ്രകാരം ചെലവ് ശതമാനം 73.5 മാത്രമാണ്. ഇക്കണോമിക് റിവ്യൂവിൽ പ്രസിദ്ധീകരിച്ച കണക്കിൽ നിന്നും 0.22% മാത്രം കൂടുതൽ.

(എഫ്) ഇക്കണോമിക് റിവ്യൂവിൽ പ്രസിദ്ധീകരിച്ച കണക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുകയായി കാണുന്നത് 2007-08-ലെ ചെലവ് കഴിച്ച് പ്രാരംഭ ബാക്കി കൂടി ഉൾപ്പെട്ട തുകയാണ് (1221 തദ്ദശഭരണ സ്ഥാപനങ്ങളുടെ). ഇതിൽ 27-8-09 വരെ ഇലക്ട്രോണിക്കായി ഡാറ്റാ സെന്റിലെ മാസ്റ്റർ സെർവ്വറിലേക്ക് ചെലവ് റിപ്പോർട്ട് ചെയ്യാതിരുന്ന കൊച്ചി കോർപ്പറേഷനും, എറണാകുളം ജില്ലാ പഞ്ചായത്തിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഉൾപ്പെടുത്തിയിരുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സുലേഖ പ്രതിമാസ മോണിറ്ററിംഗ് സംവിധാനം വഴി ഇലക്ട്രോണിക്കായി ചെലവ് യഥാസമയം റിപ്പോർട്ട് ചെയ്യാമെങ്കിലും ഈ സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്താത്തതിനാലാണ് ലഭിച്ച തുക സംബന്ധിച്ച കണക്കിൽ കാര്യമായ അന്തരം ഉണ്ടായത്.

വാർഡ് വിഭജനം പുനഃപരിശോധിക്കാൻ നടപടി

92 (6010) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മുന്നോടിയായി നടന്നുവരുന്ന വാർഡ് വിഭജനത്തിൽ വ്യാപകമായ ക്രമക്കേടുകളുണ്ടായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡു വിഭജനം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമിശാസ്ത്രപരവും, തദ്ദേശീയവുമായ പ്രത്യേകതകൾ കണക്കിലെടുക്കാതെ നടത്തിയ വാർഡു വിഭജനം പുനഃപരിശോധിക്കുമോ ;

(സി) ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കരട് വോട്ടർ പട്ടികയിൽ കടന്നു കൂടിയ അബദ്ധങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും കേരള മുൻസിപ്പൽ ആക്റ്റിലേയും ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരവും സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷണർ ഇക്കാര്യത്തിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് വാർഡ് വിഭജന പ്രക്രീയ പൂർത്തിയാക്കി വരുന്നത്. കരടു വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങളിൻമേൽ ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ടുകൾ,

LIBRARY ARCHIVES Kerala Legislative Assembly

പരാതിക്കാരെ നേരിൽ കേട്ടതിൽ ലഭിച്ച അധിക വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തീർപ്പു കൽപ്പിച്ച ശേഷമാണ് വാർഡുവിഭജന അന്തിമ ഉത്തരവ് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും അത് സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം ഭരണഘടനാസ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ആണ് നിക്ഷിപ്തമായിട്ടുള്ളത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള പരാതികൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

വോട്ടർപട്ടികയിലെ ക്രമക്കേടുകൾ അന്വേഷിക്കുവാൻ നടപടി

93 (6011) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ വ്യാപകമായി തെറ്റുകളും ക്രമക്കേടുകളും കടന്നുകൂടിയത് സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പ്രത്യേക ഉന്നതാധികാര സമിതിയെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പുതിയതായി രൂപീകരിച്ചതോ നേരത്തെ നിലവിലുണ്ടായിരുന്നതോ അല്ലാത്ത വാർഡുകളുടെ പേരിൽ കരട് വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ച സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പല പഞ്ചായത്തുകളിലും സാങ്കല്പികമായ വാർഡുകൾ രൂപീകരിച്ച് കരട് വോട്ടർപ്പട്ടിക പ്രസിദ്ധീകരിച്ച സംഭവങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ സംഭവങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) കരട് വോട്ടർ പട്ടികയിൽ വ്യാപകമായ ക്രമക്കേടുകൾ കടന്നുകൂടിയത് പരിഹരിക്കാനും ഇത്തരം തെറ്റുകൾ തിരുത്തി വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഭരണ ഘടനയിലെയും, കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരവുമുള്ള വ്യവസ്ഥകൾ അനുസരിച്ചാണ് വോട്ടർപട്ടിക തയാറാക്കിയിട്ടുള്ളത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിച്ച പരാതികളിൽമേൽ അന്വേഷണം നടത്തുകയും ജില്ലാകേന്ദ്രങ്ങളിൽ വച്ച് പരാതിക്കാരെ കമ്മീഷൻ നേരിൽ കേൾക്കുകയും

LIBRARY ARCHIVES Kerala Legislative Assembly